മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 16

# വാർത്താക്കുറിപ്പ്

---

## എം.ജി.യിൽ സ്വാതന്ത്ര്യ ദിനാഘോഷം

വിദ്യാഭ്യാസ മേഖല സാമുദായിക അധിഷ്ഠിത വിദ്യാഭ്യാസരീതിയിൽ നിന്നും എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള വിദ്യാഭ്യാസ രീതിയിലേക്ക് പുരോഗമിച്ചിട്ടുണ്ടെന്നും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റത്തിന് ഈ വർഷവും വരും വർഷങ്ങളിലും നാം സാക്ഷ്യം വഹിക്കുമെന്നും മഹാത്മാഗാന്ധി സർവ്വകലാശാല പ്രൊ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പറഞ്ഞു. ആസാദി കാ അമൃത് മഹോത്സവവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലെ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി സർവ്വകലാശാല ആസ്ഥാനത്ത് ദേശീയ പതാക ഉയർത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിന്റെ എക്കാലത്തെയും നിലനിൽപ്പിനു വേണ്ടി പഠിതാവിനെ പിന്തുണക്കുക എന്നതായിരിക്കണം സർവ്വകലാശാലയുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. സർവ്വകലാശാല സുരക്ഷാ ഉദ്യോഗസ്ഥർ പങ്കെടുത്ത സ്വാതന്ത്ര്യ ദിന പരേഡിൽ പ്രൊ വൈസ് ചാൻസലർ അഭിവാദ്യം സ്വീകരിച്ചു. സെക്യൂരിറ്റി ഓഫിസർ കെ.എം. ജോർജ് പരേഡിന് നേതൃത്വം നൽകി. രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ് കുമാർ, പരീക്ഷാ കൺട്രോളർ ഡോ. സി.എ. ശ്രീജിത്ത്, സിൻഡിക്കേറ്റ് അംഗങ്ങൾ, സർവ്വകലാശാല അധ്യാപകർ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ പങ്കെടുത്ത അതിഥികൾ സർവ്വകലാശാല ആസ്ഥാനത്തെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി.

## ഫോട്ടോ ക്യാപ്ഷൻ

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാല ആസ്ഥാനത്ത് നടന്ന ചടങ്ങിൽ പ്രൊ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സി.റ്റി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തുന്നു

(പി.ആർ.ഒ./39/1147/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**